പള്ളം-തോട്ടയ്ക്കാട് റോഡ് നിർമ്മാണം

49 (1294) ശ്രീ. ഉമ്മൻ ചാണ്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളം-തോട്ടയ്ക്കാട് റോഡ് എം.ഡി.ആർ. ആണോ ;

(ബി) ഈ റോഡ് വീതികൂട്ടി ടാർ ഇടുന്നതിനും പുനരുദ്ധാരണ പണികൾ ചെയ്യുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പണി ടെൻഡർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) തോട്ടയ്ക്കാട്-കുറ്റിക്കൽ റോഡിന്റെ രണ്ടാം റീച്ചിന്റെ പണിക്ക് ബഡ്ജറ്റിൽ എന്ത് തുക ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ പണി ടെൻഡർ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) എം.ഡി.ആർ. ആണ്.

(ബി&സി) 95.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത പണി ടെണ്ടർ ചെയ്യുന്നതിനുവേണ്ടി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരുന്നു.

(ഇ) പ്രസ്തുത പണിയുടെ 2-ാം റീച്ചിന് 5 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(എഫ്) പ്രസ്തുത പണി ടെണ്ടർ ചെയ്യുന്നതിന് എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

പുതിയകാവ്-പൂന്തോട്ട എം.എൽ.എ. റോഡ്

50 (1295) ശ്രീ. കെ. ബാബു : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ഉദയംപേരൂർ പഞ്ചായത്തിൽ 'പുതിയ കാവ്-പൂന്തോട്ട' എം.എൽ.എ. റോഡ് എന്ന പേരിൽ ഒരു റോഡുണ്ടോ ;

(ബി) എങ്കിൽ എത്ര ഘട്ടങ്ങളിലായാണ് പ്രസ്തുത റോഡ് നിർമ്മിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഒന്നാംഘട്ട ഭരണാനുമതി എന്ന് നൽകിയെന്ന് വ്യക്തമാക്കുമോ ;

(ഡി) രണ്ടാംഘട്ട ഭരണാനുമതി എന്നാണ് നൽകിയത് ;

(ഇ) ഈ റോഡിന്റെ പണിക്ക് എത്ര രൂപയായിരുന്നു ചെലവായത് ;

(എഫ്) രണ്ടാംഘട്ടം എന്നാണ് പൂർത്തിയായതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly